മാവോയിസ്റ്റ് ആക്രമണങ്ങൾ

251 (253) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് ശക്തിപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2014 ജനുവരി മുതൽ സംസ്ഥാനത്ത് എത്ര മാവോയിസ്റ്റ് ആക്രമണങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആക്രമണ സംഭവങ്ങളിൽ എത്രപേരുടെ പേരിലാണ് കേസ് എടുത്തിട്ടുള്ളത് ; ആരെയെങ്കിലും ഇതിന്റെ പേരിൽ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) നീറ്റാ ജലാറ്റിൻ കമ്പനിയുടെ ഓഫീസ് ആക്രമിച്ചത് മാവോയിസ്റ്റുകളാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വന പ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സമീപകാലത്തായി മാവോയിസ്റ്റ് സാന്നിദ്ധ്യം സംശയിക്കുന്നു.

(ബി) 3 ആക്രമങ്ങളിൽ സാന്നിദ്ധ്യമുള്ളതായി സംശയിക്കുന്നു.

(സി) വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം 142/2014 നമ്പർ കേസിൽ മാവോയിസ്റ്റ് പ്രവർത്തകനായ ശ്രീപേഷും മറ്റു കണ്ടാൽ അറിയാവുന്ന നാലുപേരുമാണ് പ്രതികൾ. മറ്റു രണ്ടുകേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ഡി) നീറ്റാ ജലാറ്റിൻ കമ്പനിയുടെ ഓഫീസ് ആക്രമിച്ചത് മാവോയിസ്റ്റുകൾ ആണെന്ന് നിലവിൽ സ്ഥിരീകരിച്ചിട്ടില്ല. പക്ഷേ മാവോയിസ്റ്റുകളാണ് ആക്രമണത്തിന് പിന്നിലെന്ന് സംശയിക്കുന്നു. അന്വേഷണം പുരോഗമിക്കുന്നു.

അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട്

252 (254) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് (യു.എ.പി.എ.) എന്ത് ഉദ്ദേശത്തോടെയാണ് കൊണ്ടുവന്നതെന്ന് അറിയാമോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly